# ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്

**കൊല്ലം**

ഒമ്പതാമത് കൊല്ലം ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ് ശാസ്താംകോട്ട കെഎസ്എംഡിബി കോളേജിൽ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് വി എം പ്രേംനവാസ് ഉദ്ഘാടനംചെയ്തു. ജോയിന്റ് സെക്രട്ടറി ഷിബു ബേബി അധ്യക്ഷനായി. സെക്രട്ടറി ബി നൗഫിൻ, അനൂപ്, ഷേബ, അഞ്ജുനാഥ്, ഗോപകുമാർ, ആദർശ് രമേശ്, റാഫി എന്നിവർ സംസാരിച്ചു. ആൺകുട്ടികളുടെ വിഭാഗത്തിൽ റെഡ് മേരിഡിയൻ ചക്കുവള്ളി ഒന്നാം സ്ഥാനവും ബ്ലാക്ക് ആൻഡ് വൈറ്റ് കുണ്ടറ രണ്ടാം സ്ഥാനവും നവോദയം സ്പോർട്സ് ക്ലബ് മൂന്നാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ഡൈനാമിക് കുളക്കട ഒന്നാം സ്ഥാനവും പാർക്ക് ലിർണേഴ്സ് ക്ലബ് രണ്ടാം സ്ഥാനവും എംജിഡി റെഡ് സ്റ്റാർ ക്ലബ് മൂന്നാം സ്ഥാനവും നേടി. വി എം പ്രേംനവാസ് സമ്മാനം വിതരണംചെയ്തു.

# ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

**കൊല്ലം**

എട്ടാമത് ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് സെപ്തംബർ രണ്ടിന് രാവിലെ എട്ടിന് പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ നടത്തും. 2007 ജനുവരി ഒന്നിന് അല്ലെങ്കിൽ അതിനുശേഷം ജനിച്ചവർക്ക് പങ്കെടുക്കാം. www.baseballkerala.com വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഫോൺ: 9544667505, 90488 32247.